LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷ നേതാവിനെതിരായ ആരോപണങ്ങൾ

135 (1191) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രതിപക്ഷ നേതാവിനെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി രൂപീകരിച്ച പ്രത്യേക നിയമസഭാ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) സമിതിയുടെ പ്രധാന നിഗമനങ്ങൾ എന്തെല്ലാമാണ് ;

(സി) സമിതിയുടെ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പുകളിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഇതിനെക്കുറിച്ച് വിശദമായ ഒരു അന്വേഷണത്തിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രതിപക്ഷ നേതാവ്, ശ്രീ. വി. എ. അരുൺകുമാർ, പ്രൊഫ. വി. സുബ്രഹ്മണി തുടങ്ങിയവർക്കെതിരെ നിയമസഭാ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) സമിതിയുടെ പ്രധാന നിഗമനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) നിയമസഭാ സമിതിയുടെ നിഗമനങ്ങളിൽ പരാമർശിക്കുന്ന വിഷയങ്ങൾ ഉൾപ്പെടുത്തി ഒരു വിജിലൻസ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ വിജിലൻസ് വകുപ്പിൽ നിന്നും വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്പേസ് എന്ന സ്ഥാപനത്തെപ്പറ്റിയുള്ള ആരോപണം തെറ്റാണെന്ന് സമിതി കണ്ടെത്തിയതിനാൽ സമതിയുടെ 4-ാം നിഗമനത്തിൽ നടപടി ആവശ്യമില്ലായെന്നും തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഈ വിഷയം സംബന്ധിച്ച് വി.ഇ.2/2012/എസ്.ഐ.യു II,വി.ഇ. I/2012 എസ്.ഐ.യു II എന്നീ നമ്പറുകൾ പ്രകാരം വിജിലൻസ് അന്വേഷണങ്ങൾ നടന്നുവരുന്നു.

കടപ്ലമറ്റം സ്കൂളിന് ആവശ്യമായ സ്ഥലം

136 (1192) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടപ്ലമറ്റം ടെക്നിക്കൽ സ്കൂളിന്റെ നിർമാണത്തിനാവശ്യമായ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് എത്ര പുതിയ പ്രൊപോസലുകൾ ലഭിച്ചിട്ടുണ്ട് ; ഇവയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കടപ്ലമറ്റം സ്കൂളിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള കാല താമസം ഒഴിവാക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ*?

ഉത്തരം

(എ) പുതുതായി ഒരു പ്രൊപ്പോസൽ കൂടി ലഭിച്ചിട്ടുണ്ട്. ടി പ്രൊപ്പോസലിൻമേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോതമംഗലം മേഖലാ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഹൈലവൽ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുന്നതിനുള്ള ശിപാർശ തയ്യാറാക്കി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് എഞ്ചിനീയറിംഗ് സെക്ടറിൽ ഉള്ള പ്രൊഫഷണൽ കോളേജുകൾ

137 (1193) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എഞ്ചിനീയറിംഗ് സെക്ടറിൽ എത്ര പ്രൊഫഷണൽ കോളേജുകൾ നിലവിലുണ്ട് ; കഴിഞ്ഞ അഞ്ച് വർഷത്തിൽ ഓരോ വർഷവും എത്ര പേർ വീതം പ്രൊഫഷണൽ കോഴ്സ് പാസ്സായി പുറത്തിറങ്ങിയിട്ടുണ്ട് ; ഇതിൽ ക്യാമ്പസ് സെലക്ഷൻ കിട്ടിയവർ ഓരോ വർഷവും എത്ര ശതമാനം വീതമായിരുന്നു ; 2014-15-ൽ എഞ്ചിനീയറിംഗ് കോഴ്സ് പൂർത്തിയാക്കുന്നവരെത്ര ; അതിൽ പാസ്സായിട്ടുള്ളവർ എത്ര ; അതിൽ ക്യാമ്പസ് സെലക്ഷൻ കിട്ടിയവർ എത്ര ;

(ബി) 2015-16-ൽ എഞ്ചിനീയറിംഗ് പ്രൊഫഷണൽ കോഴ്സ് ഫൈനൽ ഇയർ പരീക്ഷ എഴുതുന്നവർ എത്ര ?

ഉത്തരം

(എ) സംസ്ഥാനത്ത് എഞ്ചിനീയറിംഗ് സെക്ടറിൽ ആകെ 173 പ്രൊഫഷണൽ കോളേജുകൾ നിലവിലുണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തിൽ ഓരോ വർഷവും പ്രൊഫഷണൽ കോഴ്സ് പാസ്സായി പുറത്തിറങ്ങിയവരുടെ എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്.* കൂടാറ്റിൽ ഇതുവരെ 210 പേർക്ക് ക്യാമ്പസ് സെലക്ഷൻ കിട്ടിയിട്ടുണ്ട്. മറ്റ് സർവ്വകലാശാലകളിൽ ക്യാമ്പസ് സെലക്ഷൻ കിട്ടിയവരുടെ എണ്ണം ലഭ്യമല്ല. 2014-15 വർഷത്തിൽ കണ്ണൂർ സർവ്വകലാശാലയുടെ കീഴിൽ 1915 പേരും, കാലിക്കറ്റ് സർവ്വകലാശാലയുടെ കീഴിൽ 7957 പേരും, എം.ജി. സർവ്വകലാശാലയുടെ കീഴിൽ 11452 പേരും, കേരള സർവ്വകലാശാലയുടെ കീഴിൽ 9,346 പേരും, എഞ്ചിനീയറിംഗ് കോഴ്സ് പൂർത്തിയാക്കുമെന്ന് സർവ്വകലാശാലകൾ അറിയിച്ചിട്ടുണ്ട്. ഇവരുടെ ഫൈനൽ ഇയർ പരീക്ഷ 2015 ഏപ്രിൽ-മേയ് മാസങ്ങളിൽ നടക്കും.

(ബി) 2015-16-ലെ എഞ്ചിനീയറിംഗ് പ്രൊഫഷണൽ കോഴ്സ് ഫൈനൽ ഇയർ പരീക്ഷയുടെ രജിസ്ട്രേഷൻ നടക്കാനിരിക്കുന്നതേയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly